2026
APRIL
22
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY







**തൃശൂർ:** തൃശൂർ പൂരത്തിനായി പടക്കങ്ങൾ നിർമ്മിച്ചുകൊണ്ടിരുന്ന തൃശൂർ മുണ്ടത്തിക്കോട് പടക്ക നിർമ്മാണ കേന്ദ്രത്തിലുണ്ടായ ഉഗ്ര സ്ഫോടനത്തിൽ 13 മരണം. മരണ സംഖ്യ ഇനിയും ഉയർന്നേക്കുമെന്നാണ് സൂചന. 70 ശതമാനത്തിലധികം പൊള്ളലേറ്റ 13 പേർ ഗുരുതരാവസ്ഥയിൽ തൃശൂർ മെഡിക്കൽ കോളജിൽ ചികിൽസയിലാണ്. ഇതിൽ അഞ്ചു പേരുടെ നില അതീവ ഗുരുതരമാണ്. 90 ശതമാനത്തിലധികം പൊള്ളലേറ്റ ഒരാൾ വെന്റിലേറ്ററിലാണ്. മുണ്ടത്തിക്കോട് പാടത്തിനു സമീപം ആളൊഴിഞ്ഞ അഞ്ചേക്കർ സ്ഥലത്തെ പടക്ക നിർമ്മാണ കേന്ദ്രത്തിൽ ഇന്നലെ വൈകുന്നേരം 3.20 ഓടെയാണ് നാടിനെ നടുക്കിയ ദുരന്തം ഉണ്ടായത്. വിവിധ ഷെഡുകളിലായിട്ടായിരുന്നു പടക്ക നിർമ്മാണം നടന്നത് ഈ ഷെഡുകൾ സ്ഫോടനത്തിൽ പൂർണ്ണമായും കത്തിയമർന്നു. പെട്ടന്ന് വലിയ പൊട്ടിത്തെറി ശബ്ദം കേൾക്കുകയായിരുന്നുവെന്നാണ് സമീപവാസികൾ പറഞ്ഞത്. കിലോമീറ്ററുകൾ അപ്പുറത്തേയ്ക്ക് വരെ സ്ഫോടന ശബ്ദം കേട്ടു. നാട്ടുകാർ രക്ഷാപ്രവർത്തനത്തിനായി പടക്കനിർമ്മാണ സ്ഥലത്തേയ്ക്ക് ഓടിയെത്തിയെങ്കിലും തുടർ സ്ഫോടനങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതിനാൽ തുടക്കത്തിൽ സംഭവ സ്ഥലത്തേയ്ക്ക് പ്രവേശിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിലും പറ്റാവുന്ന വിധത്തിൽ പരിക്കേറ്റവരെ നാട്ടുകാർ ആശുപത്രിയിലേക്ക് മാറ്റി. പിന്നീട് ഫയർഫോഴ്സെത്തി തീ നിയന്ത്രണ വിധേയമാക്കിയതിനു ശേഷമാണ് രക്ഷാ പ്രവർത്തകർക്ക് ഉള്ളിലേക്ക് പ്രവേശിക്കാൻ കഴിഞ്ഞത്.

പടക്ക നിർമ്മാണ കേന്ദ്രത്തിൽ എത്ര പേർ ജോലിക്കുണ്ടായിരുന്നുവെന്ന് കൃത്യമല്ല. 40 ഉച്ചയൂണ് സമീപത്തെ കടയിൽ നിന്നും ഇവിടേയ്ക്ക് വാങ്ങിയിരുന്നുവെന്നാണ് പറയുന്നത്. സ്ഫോടനം നടക്കുന്ന സമയത്ത് മൂന്ന് സ്ത്രീകളടക്കം ഏഴു പേർ വെള്ളം കുടിക്കാനും മറ്റുമായി പോയതിനെ തുടർന്ന് അൽഭുതകരമായി രക്ഷപെട്ടു. സ്ഫോടനത്തിൽ ഇരയായവരുടെ ശരീരഭാഗങ്ങൾ 500 മീറ്ററോളം ദൂരത്തിൽ വരെ ചിതറിത്തെറിച്ചുവെന്നാണ് പറയപ്പെടുന്നത്. എല്ലാ വിധ സുരക്ഷാ ക്രമീകരണങ്ങളും പാലിച്ചാണ് കേന്ദ്രം പ്രവർത്തിച്ചിരുന്നതെന്നാണ് പറയുന്നത്. കനത്ത ചൂടിനെ തുടർന്നാണ് സ്ഫോടനമുണ്ടായതെന്നാണ് പ്രാഥമിക വിവരം. വിശദമായ അന്വേഷണത്തിന് ശേഷം മാത്രമെ സ്ഫോടന കാരണം കണ്ടെത്താൻ കഴിയുവെന്ന് തൃശൂർ സിറ്റി പോലിസ് കമ്മീഷണർ പറഞ്ഞു. മജിസ്റ്റീരിയൽ തല അന്വേഷണവും പ്രഖ്യാപിച്ചിട്ടുണ്ട്. ദുരന്തത്തിൽ അതീവ ദുഖം രേഖപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്രമോദി. സ്ഫോടനത്തിൽ മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് 2 ലക്ഷം രൂപ വീതം സഹായധനം നൽകുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകും.



*തൃശൂർ പൂരത്തിനായി പടക്കങ്ങൾ നിർമ്മിച്ചുകൊണ്ടിരുന്ന തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് പുരയിലുണ്ടായ ഉഗ്ര സ്ഫോടനത്തെ തുടർന്ന് കത്തിയമർന്ന സ്ഥലത്ത് പോലിസും നാട്ടുകാരും ചേർന്ന് രക്ഷാ പ്രവർത്തനം നടത്തുന്നു.*



# ഇന്നത്തെ പരിപാടി

## കൊച്ചി

■ **ഗാന്ധിഭവൻ കച്ചേരിപ്പടി:** പ്രഭാഷണം, ചർച്ച: സിവിൽ നിയമ ലംഘനത്തിന്റെ ദേശീയപാതകൾ - ഡോ.വിനോദ്കുമാർ കല്ലോലിക്കൽ, വൈകിട്ട് 4.30 .

■ **എറണാകുളം ശ്രീ അയ്യപ്പൻ കോവിൽ :** ശ്രീമദ് ഭാഗവത സപ്താഹയജ്ഞം - സമൂഹപ്രാർത്ഥന, കീർത്തനം, ഗ്രന്ഥനമസ്കാരം രാവിലെ 6.30ന്, 7ന് ഭാഗവതപാരായണ സമാരംഭം, ഉച്ചയ്ക്ക് 1ന് അന്നദാനം വൈകിട്ട് 7ന് ആചാര്യ പ്രഭാഷണം.

■ **എറണാകുളം ഇടപ്പള്ളി ടോൾ ജങ്ഷൻ നന്തിലത്ത് ജി-മാർട്ട് ഷോറൂം :** നന്തിലത്ത് ജി-മാർട്ട് വക്കാ ലക്കി നറുക്കെടുപ്പ് വൈകിട്ട് 3.30ന് ഹൈബി ഈഡൻ നിർവഹിക്കും.

■ **പനമ്പിള്ളി നഗർ-ചൈൽഡ് കെയർ സെന്റർ :** പഠന വൈകല്യ നിർണയ-നിവാരണ ക്യാമ്പ് 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കായി രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 ന്

■ **ഫോർട്ട്കൊച്ചി സിറിൽസ് ഹാൾ :** മെഹ്ഫിൽ ബുബ് മെമ്മോറിയൽ ഓർക്കസ്ട്രയും സുഹൃത്തുക്കളും ഓർമകളിൽ മെഹ്ബൂബ് ഭായി ജന്മശതാബ്ദി ആഘോഷം- സംഗീതാർച്ചന, ഉദ്ഘാടനം മുൻ മന്ത്രി വി.എം സുധീരൻ വൈകിട്ട് 6.00 മണി.

## കാക്കനാട്

■ **പൊയ്യാച്ചിറ നെച്ചിക്കാട്ടുകാവ് ഭഗവതി ക്ഷേത്രം :** ഉത്സവം - വൈകിട്ട് 645ന് തിരുവാതിരക്കളി, 7ന് സപ്തവീണ.

## തൃക്കാക്കര

■ **തെങ്ങോട് വള്ളിയാത്ത് ശ്രീഘാകർണ്ണസ്വാമി മഹാക്ഷേത്രം :** പത്താമുദയ കൊടിയേറ്റ് പ്രതിഷ്ഠാ മഹോത്സവം. വൈകിട്ട് 7ന് കൊടിയേറ്റ്.

## വൈപ്പിൻ

■ **നായരമ്പലം വാടേൽ സെന്റ് ജോർജ് ഇടവക :** ഗീവർഗീസിന്റെ തിരുനാൾ വൈകിട്ട് 5ന്.

## അങ്കമാലി

■ **തുറവൂർ കുമരക്കുളം സുബ്രഹ്മണ്യസ്വാമി ക്ഷേത്രം :** ഷഷ്ഠി ഉത്സവം രാവിലെ 5.30ന്.

## പറവൂർ

■ **വാണിയക്കാട് ക്രിസ് കാപ്പൽ കോളേജ് :** ജർമൻ ദ്വിദിന ക്യാമ്പ് - രാവിലെ 9ന്.

## കോതമംഗലം

■ **വാരപ്പെട്ടി ഇഞ്ചൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം :** ഉത്സവം - വൈകിട്ട് 7 മുതൽ : തിരുവാതിര, നൃത്തസന്ധ്യ, കൈകൊട്ടിക്കളി.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** സമഗ്ര മാനസിക ആരോഗ്യ പരിപാടിയുടെ ഭാഗമായി ആയവന ഗ്രാമപഞ്ചായത്തിനോട് ചേർന്നുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പകൽ വീട്ടിലെ അന്തേവാസികൾക്ക് 2026 മെയ് 1 മുതൽ 2027 ഏപ്രിൽ 30 വരെ ഒരു വർഷത്തേക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 29 രാവിലെ 11വരെ. ഫോൺ:0485-2282044.

# ലേലം

**കൊച്ചി:** കൊച്ചി സിറ്റി പോലീസ് കമ്മീഷണറേറ്റിന്റെ പരിധിയിലുള്ള വിവിധ പോലീസ് സ്റ്റേഷനുകളിൽ ഉടമസ്ഥരില്ലാതെ കെട്ടിക്കിടക്കുന്ന 18 വാഹനങ്ങൾ ഇ-ലേലം ചെയ്യുന്നു. വാഹനങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള അവകാശവാദം ഉന്നയിക്കാനുള്ളവർക്ക് ലേല പരസ്യം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ആവശ്യമായ രേഖകൾ സഹിതം കൊച്ചി സിറ്റി പോലീസ് അസിസ്റ്റന്റ് കമ്മീഷണർ (നർക്കോട്ടിക് സെൽ) മുമ്പാകെയോ ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെയോ നേരിട്ട് ഹാജരാകാവുന്നതാണ്.നിശ്ചിത സമയപരിധിക്കുള്ളിൽ ആരും അവകാശവാദം ഉന്നയിക്കാത്ത വാഹനങ്ങൾ പൊതുമേഖലാ സ്ഥാപനമായ എം എസ് ടി സി ലിമിറ്റഡ് ന്റെ വെബ്സൈറ്റായ www.mstcecommerce.com വഴി ഇ-ലേലം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കൊച്ചി സിറ്റി പോലീസ് കമ്മീഷണറേറ്റുമായി ബന്ധപ്പെടുക. ഫോൺ : 0484 2385000.

# റെയിൽവേ സ്പെഷ്യൽ ടൂറിസ്റ്റ് ട്രെയിൻ തീർഥാടന യാത്ര മെയ് 13ന്

**കൊച്ചി :** ഇന്ത്യൻ റെയിൽവേയുടെ ഭാരത് ഗൗരവ് ട്രെയിനിന് കീഴിലുള്ള സൗത്ത് സ്റ്റാർ റെയിലും ഇന്ത്യയിലെ സ്വകാര്യ മേഖലയിലെ ആദ്യ സേവനദാതാവായ ടൂർ ടൈംസും ചേർന്ന് സംഘടിപ്പിക്കുന്ന രാജ്യത്തെ പ്രധാന തീർഥാടന കേന്ദ്രങ്ങളിലേക്കുള്ള യാത്ര മെയ് 13ന് ആരംഭിക്കും. 10 ദിവസത്തെ യാത്രയിൽ പുരി, കൊണാർക്ക്, ഗയ, വാരാണസി, അയോദ്യ, പ്രയാഗ് എന്നീ തീർഥാടന കേന്ദ്രങ്ങൾ സന്ദർശിക്കും.

യാത്രയിലുടനീളം ഇൻഷുറൻസ്, ഹോട്ടലുകളിലെ താമസസൗകര്യം, കാഴ്ചകൾ കാണാൻ പോകുന്നതിനുള്ള വാഹനങ്ങൾ, പരിധികളില്ലാതെയുള്ള ദക്ഷിണേന്ത്യൻ വിഭവങ്ങൾ എന്നിവ ലഭിക്കും. ഇവ കൂടാതെ രാത്രി താമസം, കാഴ്ചകൾ കാണാൻ പോകുമ്പോൾ ലഗേജ് സുരക്ഷിതമായി സൂക്ഷിക്കാനുള്ള സൗകര്യം, എൽടിസി/എൽഎഫ്സി സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്. തെങ്കാശിയിൽ നിന്ന് പുറപ്പെടുന്ന ട്രെയിനിന് പുനലൂർ, കൊല്ലം, കായംകുളം, ആലപ്പുഴ, എറണാകുളം, തൃശൂർ, ഒറ്റപ്പാലം, പാലക്കാട് എന്നിവിടങ്ങളിൽ സ്റ്റോപ്പുകളുണ്ട്.

സ്ലീപ്പർ ക്ലാസ് 23,950 രൂപ, തേർഡ് എസി 31,850 രൂപ, സെക്കൻഡ് എസി 36000 രൂപ, ഫസ്റ്റ് എസി 39000 രൂപ എന്നിങ്ങനെയാണ് ടിക്കറ്റ് നിരക്ക്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനും www.tourtimes.in സന്ദർശിക്കുക.

# ഇൻഫോപാർക്ക് ഫുട്ബോൾ ടൂർണമെന്റിന് ഏപ്രിൽ 24-ന് തുടക്കമാകും

**കൊച്ചി:** ഇൻഫോപാർക്കിലെ ഐടി ജീവനക്കാർ പങ്കെടുക്കുന്ന ഇൻഫോപാർക്ക് ഫുട്ബോൾ ടൂർണമെന്റിന് ഏപ്രിൽ 24-വെള്ളിയാഴ്ച തുടക്കമാകും. തൃക്കാക്കര ബി.എം.സി സ്പോർട്സ് ഫുട്ബോൾ ടർഫിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങോടെയാണ് ഈ വർഷത്തെ മത്സരങ്ങൾ കിക്ക് ഓഫ് ചെയ്യുന്നത്.

ഇൻഫോപാർക്കുമായി സഹകരിച്ച് കാൽപൈൻ ഗ്രൂപ്പാണ് ടൂർണമെന്റ് സംഘടിപ്പിക്കുന്നത്. ഐടി മേഖലയിലെ പിരിമുറുക്കവും ജോലി സമ്മർദ്ദവും ലഘൂകരിക്കുന്നതിനോടൊപ്പം ജീവനക്കാരുടെ ഫുട്ബോൾ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവും ടൂർണമന്റിനുണ്ട്. പുരുഷന്മാർക്കായി സെവൻസ് ഫുട്ബോളും വനിതകൾക്കായി ഫൈവ്സ് ഫുട്ബോൾ മത്സരങ്ങളുമാണ് ഒരുക്കിയിരിക്കുന്നത്.

മൂന്നു ലക്ഷം രൂപയോളമാണ് ടൂർണമന്റിലെ സമ്മാനത്തുക. ടൂർണമെന്റിന്റെ ആദ്യ ഘട്ടമായ ലീഗ് മത്സരങ്ങൾ ഏപ്രിൽ 24 മുതൽ മെയ് 9 വരെ തൃക്കാക്കര ബി.എം.സി ഫുട്ബോൾ ടർഫിൽ വെച്ച് നടക്കും. ലീഗ് ഘട്ടത്തിന് ശേഷം നോക്കൗട്ട് മത്സരങ്ങൾ മെയ് 14 മുതൽ മെയ് 23 വരെ ഇൻഫോപാർക്ക് എക്സ്പ്രസ് വേയ്ക്ക് സമീപമുള്ള യുണൈറ്റഡ് സ്പോർട്സ് സെന്ററിലാണ് അരങ്ങേറുന്നത്.

വൈകിട്ട് 6 മുതൽ രാത്രി 10 വരെയാണ് മത്സരങ്ങൾ. ആഴ്ചാവസാനങ്ങളിലും പ്രവൃത്തിദിവസങ്ങളിലുമായിട്ടാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇൻഫോപാർക്കിന്റെ കൊച്ചി ഫേസ് ഒന്ന്, രണ്ട്, തൃശൂർ, ചേർത്തല കാമ്പസുകൾ എന്നിവിടങ്ങളിൽ നിന്നുള്ള വിവിധ കമ്പനികളിലെ ടീമുകൾ മൈതാനത്ത് ഏറ്റുമുട്ടും.

# ഫ്ളെക്സി ക്യാപ് ഫണ്ടുകൾക്ക് നിയന്ത്രണമല്ല, ഫ്ളെക്സിബിലിറ്റിയാണ് ആവശ്യം : ദേവിപ്രസാദ് നായർ

**കൊച്ചി:** വിശാലമായ ഇക്വിറ്റി മ്യൂച്വൽ ഫണ്ട് വിപണിയിൽ വേറിട്ടു നിൽക്കുന്നൊരു വിഭാഗമാണ് ഫ്ളെക്സിക്യാപ് ഫണ്ടുകൾ. ലാർജ് ക്യാപ്, മിഡ്ക്യാപ്, സ്മോൾക്യാപ് എന്നിങ്ങനെ മൂന്ന് ഓഹരി വിഭാഗങ്ങളിലും വിപണിയിലെ സാഹചര്യങ്ങൾക്കനുസരിച്ച് (ഡയനാമിക് അലോക്കേഷൻ) നിക്ഷേപം നടത്താനുള്ള സ്വാതന്ത്ര്യമാണ് ഈ ഫണ്ടുകളുടെ മുഖമുദ്ര. രാജ്യത്തെ മൂലധന വിപണിയുടെ നിയന്ത്രണ ഏജൻസിയായ സെബി നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം, ഫണ്ടിന്റെ 65 ശതമാനമെങ്കിലും നിക്ഷേപം ഓഹരിയിൽ (ഇക്വിറ്റി) ഉണ്ടായിരിക്കണം എന്നതൊഴിച്ചാൽ, ഏതൊക്കെ മാർക്കറ്റ് ക്യാപ് വിഭാഗങ്ങൾ തിരഞ്ഞെടുക്കുന്നതിൽ ഫണ്ട് മാനേജർക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കും.



വിപണിയിലെ മാറ്റങ്ങളോട് കൃത്യമായി പ്രതികരിക്കാനുള്ള ശേഷിയാണ്, ഫ്ളെക്സിക്യാപ് ഫണ്ടുകളുടെ യഥാർത്ഥ കരുത്തെന്ന് ഹീലിയോസ് ഇന്ത്യ ബിസിനസ് മേധാവി ദേവിപ്രസാദ് നായർ ചൂണ്ടിക്കാട്ടുന്നു. മിക്ക നിക്ഷേപകരുടെയും ഇക്വിറ്റി പോർട്ട്ഫോളിയോയുടെ നട്ടെല്ലായി മാറാൻ മികച്ച നിലയിൽ നിക്ഷേപ പ്രക്രിയ ആസൂത്രണം ചെയ്തു നിർവഹിക്കപ്പെടുന്ന ഒരു ഫ്ളെക്സി ക്യാപ് ഫണ്ടിന് സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഇവിടെ ശ്രദ്ധിക്കേണ്ട ഒരു നിർണായക കാര്യമുണ്ട്. നിലവിൽ വിപണിയിൽ ലഭ്യമായിട്ടുള്ള പല ഫ്ളെക്സിക്യാപ് ഫണ്ട് സ്കീമുകളിലും നിക്ഷേപത്തിന്റെ 65 മുതൽ 70 ശതമാനം വരെ വിന്യസിച്ചിരിക്കുന്നത് ലാർജ് ക്യാപ് ഓഹരികളിലാണ്. തത്ഫലമായി ഇത്തരം ഫണ്ടുകൾ ഒരു സാധാരണ ലാർജ്ക്യാപ് ഫണ്ടിന് തുല്യമായി മാറുന്നു. ഇത് ഫ്ളെക്സി ക്യാപ് ഫണ്ടുകളുടെ വൈവിധ്യവത്കരണം (ഡൈവേഴ്സിഫിക്കേഷൻ) എന്ന അടിസ്ഥാന പ്രമാണത്തിൽ നിന്നുള്ള വ്യതിചലമാകുന്നു.

ഇത് നിക്ഷേപകരെ സംബന്ധിച്ച് ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. കാരണം, മിക്ക നിക്ഷേപകരുടെയും പോർട്ട്ഫോളിയോയിൽ ഇക്വിറ്റി ഫണ്ടുകൾ, ഇൻഡക്സ് ഫണ്ടുകൾ അല്ലെങ്കിൽ എൻ.പി.എസ് എന്നിവയിലൂടെ ഇതിനകം തന്നെ ലാർജ്ക്യാപ് ഓഹരികൾക്ക് മതിയായ എക്സ്പോഷർ ലഭിച്ചിട്ടുണ്ടാകും. ഇത്തരമൊരു സാഹചര്യത്തിൽ ഫ്ളെക്സിക്യാപ് ഫണ്ടുകളുടെ നിക്ഷേപവും ലാർജ്ക്യാപ് വിഭാഗം ഓഹരികളിലേക്ക് കേന്ദ്രീകരിക്കപ്പെടുന്നത് വൈവിധ്യവൽക്കരണം എന്ന ലക്ഷ്യത്തെ ഇല്ലാതാക്കുന്നു.

എന്നാൽ, അച്ചടക്കത്തോടെ കൈകാര്യം ചെയ്യപ്പെടുന്ന ഒരു ഫ്ളെക്സിക്യാപ് ഫണ്ട് ആണെങ്കിൽ വിപണിയുടെ ചാക്രികത (മാർക്കറ്റ് സൈക്കിൾസ്), നഷ്ട സാധ്യത (റിസ്ക്), മൂല്യമതിപ്പ് (വാല്യൂവേഷൻസ്) എന്നിവയിലെ മാറ്റങ്ങൾക്ക് അനുസരിച്ച്, സ്ഥിരമായി പോർട്ട്ഫോളിയോ പുനഃസംഘടിപ്പിക്കുന്നതിന് (റീ ബാലൻസിംഗ്) പകരം, ഫണ്ടിനുള്ളിലെ വിവിധ ഓഹരി വിഭാഗങ്ങളിലേക്കുള്ള എക്സ്പോഷർ അനുയോജ്യമായവിധം ക്രമീകരിച്ചുകൊണ്ട് മുന്നിൽ തെളിഞ്ഞുവരുന്ന അവസരങ്ങൾ മുതലെടുക്കാൻ കഴിയുമെന്നും ദേവിപ്രസാദ് നായർ വിശദീകരിച്ചു.

മ്യൂച്വൽ ഫണ്ട് നിക്ഷേപങ്ങൾ വിപണിയിലെ അപകട സാധ്യതകൾക്ക് വിധേയമാണ്. എല്ലാ സ്കീം സംബന്ധമായ രേഖകളും ശ്രദ്ധാപൂർവ്വം വായിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ജനസംഖ്യാ കണക്കെടുപ്പ്: പരിശീലന പരിപാടിക്ക് തുടക്കം

**കൊച്ചി:** ദേശീയ തലത്തിൽ ആരംഭിക്കുന്ന ജനസംഖ്യാ കണക്കെടുപ്പ് (സെൻസസ്) പരിപാടിയുടെ എറണാകുളം ജില്ലാതല പരിശീലന പരിപാടിക്കു തുടക്കം.

കളക്ടറേറ്റ് സ്പാർക്ക് ഹാളിൽ ചേർന്ന ചടങ്ങിൽ ജില്ലാ കളക്ടറും പ്രിൻസിപ്പൽ സെൻസസ് ചാർജ് ഓഫീസറുമായ ജി. പ്രിയങ്ക സെൻസസ് ചാർജ് ഓഫീസർമാർക്കുള്ള ത്രിദിന പരിശീലന പരിപാടി ഉത്ഘാടനം ചെയ്തു. 2011 ലാണ് രാജ്യത്ത് ഒടുവിൽ സെൻസസ് നടന്നത്. കോവിഡ് മഹാമാരി ഉൾപ്പെടെയുള്ള കാരണങ്ങളാൽ വൈകി 15 വർഷത്തിന് ശേഷമാണ് ഈ വർഷം ആരംഭിച്ച് 2027 ആദ്യം അവസാനിക്കുന്ന വിധത്തിൽ സെൻസസ് പ്രകിയ വിഭാവനം ചെയ്തിരിക്കുന്നത്. അടുത്ത ജൂലൈയിൽ വീടുകളുടെ കണക്കെടുപ്പോടെ ഫീൽഡുതല പ്രവർത്തനങ്ങൾ ആരംഭിക്കും. മുൻ സെൻസസ് നടപടികളെ അപേക്ഷിച്ച് ഇക്കുറി കണക്കെടുപ്പ് പ്രവർത്തനങ്ങൾ മൊബൈൽ ഡിജിറ്റൽ പ്ലാറ്റ്ഫോമിലായിരിക്കുമെന്നത് നടപടികൾ വേഗത്തിലും കൃത്യതയോടെയും പൂർത്തിയാക്കാൻ കഴിയുമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. പൊതു ജനങ്ങൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സ്വയം വിവരങ്ങൾ നൽകാൻ സാധിക്കും. ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണവും പിന്തുണയും ആവശ്യമാണ്. സെൻസസിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ നാടിന്റെ വികസനവും വിഭവ വിതരണവും നടക്കുന്നതെന്ന് അവർ പറഞ്ഞു. ജനങ്ങളുടെയും നാടിന്റെയും ആവശ്യങ്ങൾ അറിഞ്ഞ് ആസൂത്രണ പ്രക്രിയയും ബജറ്റും ആവിഷ്കരിക്കുന്നതിലൂടെയാണ് പുരോഗതി ദൃശ്യമാകുന്നത്.

ജനസംഖ്യാ കണക്കെടുപ്പെന്ന ബൃഹദ് പരിപാടിയുടെ നടത്തിപ്പിനായി സംസ്ഥാനത്തെ 70000 ഓളം അധ്യാപകരാണ് എന്യൂമറേറ്റർമാരായി രംഗത്ത് വരുന്നത്. സൂപ്പർവൈസർമാരുൾപ്പെടെ എന്യൂമറേറ്റർമാർക്കും പരിശീലനം നൽകും.

ജില്ലാ സെൻസസ് ഓഫീസർമാർ, അഡീഷണൽ ജില്ലാ സെൻസസ് ഓഫീസർമാർ, ചാർജ് സെൻസസ് ഓഫീസർമാർ, അഡീഷണൽ ചാർജ് സെൻസസ് ഓഫീസർമാർ എന്നിവർക്ക് പുറമെ ഓരോ ഓഫീസിൽ നിന്നുമുള്ള തിരഞ്ഞെടുത്ത ക്ലറിക്കൽ അസിസ്റ്റന്റുമാർക്കും സാങ്കേതിക സഹായികൾക്കുമാണ് തുടക്കത്തിൽ പരിശീലനം.

സെൻസസ് പ്രവർത്തനങ്ങൾ പൂർണ്ണമായും ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറുന്ന സാഹചര്യത്തിൽ, ഉദ്യോഗസ്ഥർക്ക് അവരുടെ ചുമതലകളെക്കുറിച്ച് വ്യക്തമായ ധാരണ നൽകുകയാണ് ഈ പരിശീലനത്തിന്റെ പ്രധാന ലക്ഷ്യം. സെൻസസ് പ്രക്രിയകൾ, നിർവചനങ്ങൾ, ഹൗസ് ലിസ്റ്റിംഗുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ, സി.എം.എം.എസ് (CMMS), എച്ച്.എൽ.ബി.സി (HLBC) വെബ് ആപ്ലിക്കേഷനുകളുടെ ഉപയോഗം എന്നിവയിൽ ഉദ്യോഗസ്ഥർക്ക് വിശദമായ പരിശീലനം ലഭ്യമാക്കും.

ദേശീയ സെൻസസ് രജിസ്ട്രേഷൻ വിഭാഗം സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാരായ ബിട്ടു ചാക്കോ, ഷിബി വി. പി, സൗമ്യ ഉണ്ണികൃഷ്ണൻ, രമ്യ എ. എസ് എന്നിവരാണ് പരിശീലന പരിപാടി നയിക്കുന്നത്. പ്രിൻസിപ്പൽ ജില്ലാ സെൻസസ് ഓഫീസർക്ക് താഴെ എഡിഎം ആണ് ജില്ലാ ചാർജ് സെൻസസ് ഓഫീസർ. ഫോർട്ട്കൊച്ചി സബ്കളക്ടർ, മുവാറ്റുപുഴ ആർ ഡി ഒ, എൽ എസ് ജിഡി ജോയിന്റ് ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, ജില്ലാ ഇൻഫർഫർമേഷൻ ഓഫീസർ, ഐ ടി മിഷൻ ജില്ലാ പ്രൊജക്ട് മാനേജർ എന്നിവർ അഡീഷണൽ ജില്ലാ ചാർജ് ഓഫീസർമാരും കൊച്ചി കോർപറേഷൻ സെക്രട്ടറി അഡീഷണൽ പ്രിൻസിപ്പൽ ചാർജ് ഓഫിസറും തഹസിൽദാർമാരും നഗരസഭാ സെക്രട്ടറിമാരും ചാർജ് സെൻസസ് ഓഫീസർമാരുമായിരിക്കും.

# ശ്രീശങ്കരജയന്തി സംസ്ഥാന ആഘോഷമായി പ്രഖ്യാപിക്കണം: ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ

**കാലടി:** ശ്രീശങ്കരജയന്തി സംസ്ഥാന ആഘോഷമായി പ്രഖ്യാപിച്ച് വിപുലമായി ആഘോഷിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആവശ്യപ്പെട്ടു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ശ്രീശങ്കരജയന്തി ദിനാഘോഷങ്ങൾ സർവ്വകലാശാലയുടെ കാലടി മുഖ്യകാമ്പസിലെ യൂട്ടിലിറ്റി സെന്റർ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ഗവർണർ. കേരളത്തെ ലോകത്തിനെ അറിയിച്ച മഹാഗുരുവും കേരളത്തിന്റെ അമൂല്യനിധിയുമാണ് ശ്രീശങ്കരാചാര്യർ. ആദി ശങ്കരന്റെ ജയന്തി ലോകം മുഴുവൻ ആഘോഷിക്കണം. ലോകത്തിന് ശങ്കരനെ സംഭാവന ചെയ്തത് കേരളമാണ്. കേരളീയരുടെ അഭിമാനമാണ് ശ്രീശങ്കരാചാര്യർ.

ശങ്കരജയന്തി സംസ്ഥാന ആഘോഷമാക്കുന്നതിലൂടെ ഓരോ കേരളീയനും അഭിമാനിക്കുവാൻ കഴിയും. സനാതന ധർമ്മത്തെ ഉയർത്തിക്കൊണ്ടുവന്ന് ധർമ്മസംസ്ഥാപനത്തിനാണ് ആദി ശങ്കരൻ ശ്രമിച്ചത്. പ്രതിഷേധങ്ങൾ നമ്മുടെ സംസ്കാരമല്ല. സംവാദമാണ് നമ്മുടെ സംസ്കാരം. പരസ്പരം സംവദിക്കുവാൻ കഴിയുന്നതാണ് സനാതന സംസ്കൃതി. ആദിശങ്കരനും ശ്രീനാരായണ ഗുരുവും ഉയർത്തിപ്പിടിച്ച മൂല്യങ്ങളെ ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. വിരുദ്ധ അഭിപ്രായമുള്ളവർ തമ്മിൽ പരസ്പരം ഏറ്റുമുട്ടുകയല്ല, പകരം സമാധാനപരമായി സംവദിക്കുകയാണ് ചെയ്യേണ്ടത്. അദ്വൈത വേദാന്തമാണ് സനാതന ധർമ്മത്തിന്റെ അടിസ്ഥാനം. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളെ പോലെ കേവലം ഒരു സർവ്വകലാശാല മാത്രമല്ല, വൈശിഷ്ട്യമുള്ള സർവ്വകലാശാലയാണെന്നും ഗവർണർ പറഞ്ഞു.




*ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ശ്രീശങ്കരജയന്തി ദിനാഘോഷങ്ങൾ സർവ്വകലാശാലയുടെ കാലടി മുഖ്യകാമ്പസിലെ യൂട്ടിലിറ്റി സെന്റർ ഓഡിറ്റോറിയത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യുന്നു. വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ്, സി. രാധാകൃഷ്ണൻ, സ്വാമി നരസിംഹാനന്ദ, രജിസ്ട്രാർ ഡോ. മോത്തി ജോർജ് എന്നിവർ സമീപം.*

എഴുത്തുകാരൻ സി. രാധാകൃഷ്ണൻ, സ്വാമി നരസിംഹാനന്ദ എന്നിവർ ശ്രീശങ്കര വാർഷിക പ്രഭാഷണങ്ങൾ നിർവ്വഹിച്ചു. വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ്, രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. ശങ്കരകൃതികളെ ആസ്പദമാക്കി സംഗീത വിഭാഗം അവതരിപ്പിച്ച സംഗീത സപര്യയും ഡാൻസ് വിഭാഗം അവതരിപ്പിച്ച നൃത്താവിഷ്ക്കാരവും നടന്നു.

# 'അവതാർ' സംഗമം കൊച്ചിയിൽ നടന്നു

**കൊച്ചി:** വിവിധ മാധ്യമ മേഖലകളിലെ അവതാരകരുടെ സംഘടനയായ ആൾ കേരള വീഡിയോ ഓഡിയോ ടെലിവിഷൻ ആങ്കേഴ്സ് ആൻഡ് ആജെസ് അസോസിയേഷൻ (അവതാർ) ന്റെ വാർഷിക സംഗമം കൊച്ചിയിൽ നടന്നു. പ്രസിഡന്റ് രാജാസാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ റോയ് മാത്യു മണപ്പള്ളിൽ, ജോയ് ജോൺ ആന്റണി, ഹരി എസ്. കുറുപ്പ്, കലാഭവൻ ജിന്റോ, സൗമ്യ ആനന്ദ്, സൂരജ് കെ.എസ്, ആർ. ജയേഷ്, അൻസിൽ നജ്മുദ്ദിൻ, ശാന്തില എസ് കുമാർ, ജ്യൂവൽ ആൻ ബേബി, ആൻഡേഴ്സൺ എഡ്വേർഡ്, ശ്രീകാന്ത് ശശികാന്ത് തുടങ്ങിയവർ പ്രസംഗിച്ചു.

സംഘടനയുടെ പുതിയ ഭാരവാഹികളായി റോയ് മാത്യു മണപ്പള്ളിൽ (പ്രസിഡന്റ്), ജോയ് ജോൺ ആന്റണി, ഫാസിൽ ബഷീർ (വൈസ് പ്രസിഡന്റ്മാർ)രാജാസാഹിബ് (ജനറൽ സെക്രട്ടറി), ഇബ്രു പെരിങ്ങാല, മീര രണദിവെ (ജോയിന്റ് സെക്രട്ടറിമാർ), അരുൺ ബാലകൃഷ്ണൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** സമഗ്ര മാനസിക ആരോഗ്യ പരിപാടിയുടെ ഭാഗമായി ആയവന ഗ്രാമപഞ്ചായത്തിനോട് ചേർന്നുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പകൽ വീട്ടിൽ അന്തേവാസികളെ വീടുകളിൽ പോയി കൊണ്ടുവരുന്നതിനും തിരിച്ചു കൊണ്ടുപോകുന്നതിനും വാഹനം വാടകയ്ക്ക് നൽകുന്നതിന് ടെൻഡർ ക്ഷണിച്ചു.

2026 മെയ് 1 മുതൽ 2027 ഏപ്രിൽ 31 വരെ ഒരു വർഷത്തേക്ക് വാഹനം വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ളവർ മെഡിക്കൽ ഓഫീസർ ഇൻ ചാർജ് പ്രാഥമിക ആരോഗ്യ കേന്ദ്രം ആയവന എന്ന വിലാസത്തിൽ ഏപ്രിൽ 29 രാവിലെ 11നകം ടെൻഡറുകൾ സമർപ്പിക്കേണ്ടതാണ്. ഫോൺ:0485-2282044

# സ്വപ്ന തേരിലേറി 13 വീട്ടമ്മമാർ ; സൗജന്യ വിമാന യാത്ര ഒരുക്കി മണിരത്ന

**കൊച്ചി:** ബാങ്കിംഗ് ഇതര ധനകാര്യ രംഗത്തെ പ്രമുഖ സ്ഥാപനമായ മണിരത്ന ഗ്രൂപ്പ് തങ്ങളുടെ ഉപഭോക്താക്കളായ വനിതകൾക്ക് സൗജന്യ ആകാശ യാത്ര ഒരുക്കുന്നു. ഗ്രൂപ്പിന്റെ ഭാഗമായ 13 വീട്ടമ്മാർക്കാണ് സ്വപ്നതേരിൽ എന്ന പേരിൽ കൊച്ചിയിൽ നിന്നും ബംഗളുരുവിലേക്കും തിരിച്ചും നാളെ സൗജന്യ വിമാന യാത്ര സാധ്യമാക്കുന്നത്. പദ്ധതിയുടെ പ്രഖ്യാപനം കൊച്ചിയിൽ നടന്ന ചടങ്ങിൽ മണിരത്ന ഗ്രൂപ്പ് ചെയർമാൻ എസ്.വി.മണികണ്ഠൻ നടത്തി. വിമാന യാത്രയ്ക്കുള്ള ടിക്കറ്റും വീട്ടമ്മമാർ ചടങ്ങിൽ ഏറ്റു വാങ്ങി. സ്ത്രീകളുടെ ഉന്നമനത്തിനായുള്ള സ്ത്രീരത്ന, കുട്ടികളുടെ ഉന്നമനത്തിനായുള്ള ലിറ്റിൽ രത്ന എന്നി പദ്ധതികളും ചടങ്ങിൽ അവതരിപ്പിച്ചു. നാളെ രാവിലെ എട്ടിന് നെടുമ്പാശേരിയിൽ നിന്നുമാണ് വീട്ടമ്മമാരുടെ സംഘം യാത്ര തിരിക്കുന്നത്. വൈകുന്നേരത്തോടെ മടങ്ങിയെത്തും. കേരളത്തിൽ ആദ്യമായാണ് ഒരു എൻ.ബി.എഫ്.സി ഇത്തരത്തിൽ ഉപഭോക്താക്കൾക്കായി വിമാന യാത്ര സംഘടിപ്പിക്കുന്നതെന്ന് ചെയർമാൻ എസ്.വി.മണികണ്ഠൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മുൻകാലങ്ങളിൽ ഉപഭോക്താക്കൾക്ക് സമ്മാനമായി ടി.വികളാണ് നൽകിയിരുന്നത്.



*ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായ മണിരത്ന ഗ്രൂപ്പ് തങ്ങളുടെ ഉപഭോക്താക്കളായ വനിതകൾക്ക് സൗജന്യമായി ഒരുക്കുന്ന വിമാനയാത്രയുടെ ടിക്കറ്റ് ഗ്രൂപ്പ് ചെയർമാൻ എസ്.വി.മണികണ്ഠൻ, മാനേജിംഗ് ഡയറക്ടർ ധന്യ മണികണ്ഠൻ, സിദ്ധർഥ് മേനോൻ എന്നിവർ ചേർന്ന് നറുക്കെടുപ്പിൽ വിജയികളായ വീട്ടമ്മമാർക്ക് സമ്മാനിക്കുന്നു. ജനറൽ മാനേജർ സി.പി പ്രമോദ്, മൈക്രോഫിനാൻസ് ഓപ്പറേഷണൽ ഹെഡ് എൻ. പി പ്രജിൻ എന്നിവർ സമീപം.*

എന്നാൽ ഇന്ത്യയുടെ ജനസംഖ്യയുടെ 22 ശതമാനം പേർ മാത്രമാണ് നിലവിൽ വിമാന യാത്ര നടത്തിയിട്ടുള്ളതെന്ന പഠനം പുറത്തുവന്നതോടെയാണ് ഇത്തരത്തിൽ വനിതകൾക്കായി വിമാന യാത്രയൊരുക്കാൻ മണിരത്ന തീരുമാനിച്ചത്. നറുക്കെടുപ്പിലൂടെയാണ് വിമാനയാത്രയ്ക്കുള്ള വിജയികളെ തിരഞ്ഞെടുത്തത്. വരും വർഷങ്ങളിൽ ഇന്ത്യയുടെ വിവിധ നഗരങ്ങളിലേയ്ക്കും ഇത്തരത്തിൽ യാത്ര സംഘടിപ്പിക്കും. ലാഭം മാത്രം നോക്കിയല്ല മണിരത്ന ഗ്രൂപ്പ് മുന്നോട്ട് പോകുന്നത് മറിച്ച് ഉപഭോക്താക്കളുടെ സന്തോഷത്തിനും സംതൃപ്തിക്കും മുൻതൂക്കം നൽകിയാണ് പ്രവർത്തിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ലിറ്റിൽ രത്ന പദ്ധതിയുടെ ഭാഗമായി മാനന്തവാടി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ 20 കുട്ടികളുടെ മുഴുവൻ പഠനചിലവും ഗ്രൂപ്പ് വഹിച്ചുവരുന്നു. കൊച്ചി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന മണിരത്ന ഗ്രൂപ്പിന് കേരളത്തിലും തമിഴ്നാട്ടിലുമായി 58 ബ്രാഞ്ചുകളാണുള്ളത്. ഗ്രൂപ്പിന് കീഴിൽ മണിരത്ന ഇന്റഗ്രേറ്റഡ് ഫൗണ്ടേഷൻ, പ്രത്യുഗ്ര മണിരത്ന ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, മണിരത്ന ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, എനാർ ഫിനാൻഷ്യൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിങ്ങനെ നാല് കമ്പനികളിലായി 250ൽ പരം ജീവനക്കാരും 30,000 ത്തിലധികം ഉപഭോക്താക്കളും ഉണ്ടെന്നും എസ്.വി.മണികണ്ഠൻ പറഞ്ഞു. മണിരത്ന ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ധന്യ മണികണ്ഠൻ, സിദ്ധർഥ് മേനോൻ, ജനറൽ മാനേജർ സി.പി പ്രമോദ്, മൈക്രോഫിനാൻസ് ഓപ്പറേഷണൽ ഹെഡ് എൻ. പി പ്രജിൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# കള്ളിവയലിൽ ടവറിന്റെ ഉദ്ഘാടനം 23 ന്

**കൊച്ചി:** നാഷണൽ ഹൈവേ 66ന് അഭിമുഖമായി ചേരാനല്ലൂർ ഭാഗത്ത് നിർമ്മാണം പൂർത്തിയാക്കിയ കള്ളിവയലിൽ ടവറിന്റെ ഉദ്ഘാടനം ഏപ്രിൽ 23ന് സംസ്ഥാന വ്യവസായ മന്ത്രി പി. രാജീവും പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും സംയുക്തമായി നിർവ്വഹിക്കും. കള്ളിവയലിൽ ടവറിന്റെ വെഞ്ചരിപ്പ് എറണാകുളം-അങ്കമാലി അതിരൂപതയുടെ മേജർ ആർച്ച്ബിഷപ്പിന്റെ വികാരിയും തലശ്ശേരി ആർച്ച്ബിഷപ്പുമായ മാർ ജോസഫ് പാംപ്ലാനി നിർവഹിക്കും. ബാബു എ. കള്ളിവയലിൽ ആന്റ് കമ്പനി ചാർട്ടേഡ് അക്കൗണ്ടന്റ്സിന്റെ പുതിയ ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനം ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ ദേശീയ പ്രസിഡന്റ് സിഎ. പ്രസന്ന കുമാർ ഡി. നിർവഹിക്കും. സ്ഥാപനത്തിന്റെ 35 വർഷത്തെ സേവനം പൂർത്തിയായതിന്റെ കോറൽ ജൂബിലി ആഘോഷങ്ങൾ മുൻ മന്ത്രി കെ.വി. തോമസും, ബെന്നി ബെഹനാനും എം.പിയും ചേർന്ന് നിർവഹിക്കും. ടി.ജെ. വിനോദ് എം.എൽ.എ., ജി.സി.ഡി.എ. ചെയർമാൻ കെ. ചന്ദ്രൻ പിള്ള, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസ്സി വാര്യത്ത്, മുൻ എം.പിയും ചാർട്ടേഡ് അക്കൗണ്ടന്റുമായ തോമസ് ചാഴികാടൻ എന്നിവർ ചടങ്ങുകളിൽ വിശിഷ്ട അതിഥികളായിരിക്കും.

കൊച്ചിൻ ഷിപ്പ്യാർഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോസ് വി. ജെ, സാന്റാ മോണിക്ക ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡെന്നി തോമസ് വട്ടക്കുന്നേൽ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി കേരള ചെയർമാൻ ജോസഫ് മൈക്കിൾ കള്ളിവയലിൽ, ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ ദക്ഷിണേന്ത്യൻ ഖജാൻജി ദീപ വർഗീസ്, എറണാകുളം ശാഖ ചെയർമാൻ ജോബി ജോർജ് തുടങ്ങിയവർ പ്രസംഗിക്കും.

# 28 പദ്ധതികൾ പ്രഖ്യാപിച്ച് അസറ്റ് ഹോംസ്

**കൊച്ചി:** അസറ്റ് ഹോംസ് 20ാം വർഷത്തിലേയ്ക്ക് പ്രവേശിക്കുന്നു. ഈ അവസരത്തിൽ 2026-27 സാമ്പത്തികവർഷത്തേയ്ക്കുള്ള പദ്ധതികൾ അസറ്റ് ഹോംസ് പ്രഖ്യാപിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി മൊത്തം 3821 പാർപ്പിട യൂണിറ്റുകളടങ്ങുന്ന 28 പദ്ധതികൾ 2026-27 സാമ്പത്തികവർഷം പുതുതായി നിർമാണമാരംഭിക്കുമെന്ന് അസറ്റ് ഹോംസ് എംഡി വി. സുനിൽ കുമാർ കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഈ പദ്ധതികളിലായി 5100 കോടി രൂപ മതിക്കുന്ന 55 ലക്ഷം ചതുരശ്ര അടി നിർമാണമാണ് അസറ്റ് ഹോംസ് ലക്ഷ്യമിടുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട് കണ്ണൂർ എന്നിവിടങ്ങളുൾപ്പെടെ പ്രധാന നഗരകേന്ദ്രങ്ങളിലും പുതുതായി ഉയർന്നു വരുന്ന വിപണിമേഖലകളിലുമാകും പുതിയ പദ്ധതികൾ.

# ഇലക്ട്രിക് ത്രീവീലറുകൾ: ഹ്യുണ്ടായ് – ടിവിഎസ് സഹകരണം

**കൊച്ചി:** നൂതനമായ ഇലക്ട്രിക് ത്രീവീലറുകൾ വികസിപ്പിക്കാനും വാണിജ്യടിസ്ഥാനത്തിൽ പുറത്തിറക്കാനുമായി ഹ്യുണ്ടായ് മോട്ടർ കമ്പനിയും ടിവിഎസ് മോട്ടർ കമ്പനിയും സംയുക്ത കരാറിൽ ഏർപ്പെട്ടു. 2025ലെ ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോയിൽ അവതരിപ്പിച്ച ഇദ്ഡബ്ല്യു കോൺസെപ്റ്റിന്റെ വിജയത്തെ തുടർന്നാണ് ഈ സഹകരണം.

വാഹനത്തിന്റെ ഡിസൈനിനും ആധുനിക മൊബിലിറ്റി സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും ഹ്യുണ്ടായ് നേതൃത്വം നൽകും. ടിവിഎസ് തങ്ങളുടെ അത്യാധുനിക ഇലക്ട്രിക് പ്ലാറ്റ്ഫോമും പ്രാദേശിക വിപണിയിലെ അറിവും ഉപയോഗിച്ച് വാഹന വികസനത്തിൽ പങ്കാളികളാകും.

മഴക്കാലത്തെ റോഡുകൾക്ക് അനുയോജ്യമായ അഡാപ്റ്റീവ് ഗ്രൗണ്ട് ക്ലിയറൻസ്, ഉഷ്ണമേഖലാ കാലാവസ്ഥയ്ക്കായുള്ള തെർമൽ മാനേജ്മെന്റ്, സുരക്ഷിതമായ യാത്രയ്ക്കായുള്ള നൂതന സംവിധാനങ്ങൾ എന്നിവ വാഹനത്തിലുണ്ടാകും. സംയുക്തമായി വികസിപ്പിച്ചെടുക്കുന്ന ഈ ഇലക്ട്രിക് ത്രീവീലർ രാജ്യത്തുടനീളമുള്ള ജനങ്ങൾക്ക് കൂടുതൽ സുരക്ഷിതവും സുസ്ഥിരവുമായ ഗതാഗത സൗകര്യങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാൻ സഹായിക്കുമെന്ന് ഹ്യുണ്ടായ് മോട്ടർ കമ്പനിയുടെ കോർപ്പറേറ്റ് സ്ട്രാറ്റജി ആൻഡ് പ്ലാനിംഗ് സീനിയർ വൈസ് പ്രസിഡന്റ് ജൂങ്സൺ കോ പറഞ്ഞു. പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ യാത്രാ സൗകര്യങ്ങൾ ഉറപ്പാക്കുകയാണ് ഈ പങ്കാളിത്തത്തിന്റെ ലക്ഷ്യമെന്ന് ടിവിഎസ് മോട്ടർ കമ്പനി ഗ്രൂപ്പ് സ്ട്രാറ്റജി പ്രസിഡന്റ് ശരദ് മിശ്ര പറഞ്ഞു.

# അത്യാധുനിക നിർമാണ മികവിലേക്ക് എച്ച്എൽഎൽ; മൂന്ന് ബൃഹത് പദ്ധതികൾക്കു തുടക്കമിട്ടു

HLL Lifecare Limited
(A Government of India Enterprise)

**കൊച്ചി :** കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനി രത്ന പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് (എച്ച്എൽഎൽ) ഉൽപ്പാദന ശേഷി വർധിപ്പിക്കാനും പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്താനും ലക്ഷ്യമിട്ട് മൂന്ന് സുപ്രധാന പദ്ധതികൾക്ക് തുടക്കമിട്ടു. കൊച്ചിയിലെ ഐരാപുരം യൂണിറ്റിൽ ഏറ്റവും ആധുനികമായ 3ഡിപ്പ് കോം നിർമ്മാണ യന്ത്രം സ്ഥാപിച്ചു. അൾട്രാ തിൻ, മൾട്ടി ടെക്സ്ചർ ഉൾപ്പെടെയുള്ള പ്രത്യേക വകഭേദങ്ങൾ വലിയ തോതിൽ നിർമ്മിക്കാൽ ഈ സാങ്കേതികവിദ്യ സഹായകരമാകും. വ്യക്തിഗത ലൂബ്രിക്കന്റ് ഉൽപ്പാദന ശേഷി വർധിപ്പിക്കുന്നതിനായി 'ലൂബ് ഓഗ്മെന്റേഷൻ' പദ്ധതിയും നടപ്പിലാക്കി. ഇതിലൂടെ ഉൽപ്പാദന വേഗതയും വിതരണശേഷിയും കൂടുതൽ മെച്ചപ്പെടും. സുസ്ഥിര ഊർജ്ജ പദ്ധതിയുടെ ഭാഗമായി ഫാക്ടറിയിലെ ബോയിലർ പ്രവർത്തനങ്ങൾക്കായി പരിസ്ഥിതി സൗഹൃദ ഇന്ധനം ഉപയോഗിക്കാനും തുടക്കമിട്ടു. മലിനീകരണം കുറയ്ക്കുന്നതിനും ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിനും ഇത് സഹായകരമാകും. എച്ച്എൽഎൽ ചെയർപേഴ്സൺ ആന്റ് മാനേജിംഗ് ഡയറക്ടർ അനിതാ തമ്പിയാണ് പദ്ധതികൾ ഉദ്ഘാടനം ചെയ്തത്.

# ഭീം ആപ്പിലൂടെ ഇനി സിബിൽ സ്കോർ അറിയാം

**കൊച്ചി:** രാജ്യത്തെ പ്രമുഖ ക്രെഡിറ്റ് ഇൻഫർമേഷൻ സ്ഥാപനമായ ട്രാൻസ് യൂണിയൻ സിബിലിന്റെയും എൻപിസിഐയുടെ കീഴിലുള്ള ഭീം സർവീസസ് ലിമിറ്റഡിന്റെയും സഹകരണത്തിലൂടെ ഇനിമുതൽ ഭീം ആപ്പിലൂടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ സിബിൽ സ്കോറും വിശദമായ ക്രെഡിറ്റ് ഇൻഫർമേഷൻ റിപ്പോർട്ടും നേരിട്ട് പരിശോധിക്കാമെന്ന് ട്രാൻസ് യൂണിയൻ സിബിൽ എംഡിയും സിഇഒയുമായ ഭാവേഷ് ജെയിൻ പറഞ്ഞു. ഭീം ആപ്പ് ഉപയോക്താക്കൾക്ക് അവരുടെ സാമ്പത്തിക സ്ഥിതി ആപ്പിനുള്ളിൽ തന്നെ സുരക്ഷിതമായി നിരീക്ഷിക്കാനും ട്രാക്ക് ചെയ്യാനും സാധിക്കും. ഉപയോക്താക്കൾക്ക് അവരുടെ ക്രെഡിറ്റ് സ്ഥിതിയെക്കുറിച്ചുള്ള കൂടുതൽ വ്യക്തതയും അവബോധവും ലഭിക്കും. റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഉപഭോക്താവിന്റെ സമ്മതത്തോടെ മാത്രമേ ക്രെഡിറ്റ് വിവരങ്ങൾ ലഭ്യമാകൂ. ഇത് വിവരങ്ങളുടെ സുതാര്യതയും ഉപഭോക്താവിന്റെ നിയന്ത്രണവും ഉറപ്പാക്കുന്നു.

രാജ്യത്തെ സാമ്പത്തിക ഡിജിറ്റൽ പേയ്മെന്റ് മേഖലയിലെ നിർണ്ണായക സ്ഥാപനങ്ങളാണ് ട്രാൻസ് യൂണിയൻ സിബിലും എൻബിഎസ്എല്ലും. സിബിൽ സ്കോർ ഭീം ആപ്പുമായി സംയോജിപ്പിച്ചതോടെ ദൈനംദിന പണമിടപാടുകൾക്കൊപ്പം ക്രെഡിറ്റ് അവബോധവും ഉപഭോക്താക്കളിലേക്ക് എത്തിക്കുകയാണ് ലക്ഷ്യം. ഉപഭോക്താക്കൾക്ക് പരിചിതവും സുരക്ഷിതവുമായ ഭീം ആപ്പിലൂടെ വിശ്വസനീയമായ ക്രെഡിറ്റ് വിവരങ്ങൾ ലഭ്യമാക്കുന്നത് വഴി വ്യക്തമായ ധാരണയോടെയുള്ള സാമ്പത്തിക തീരുമാനങ്ങൾ എടുക്കാൻ അവർക്ക് സാധിക്കും. ഉപഭോക്താക്കളുടെ ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ സഹായിക്കുന്ന രീതിയിലാണ് ഭീം ആപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഉപഭോക്താക്കളെ മുൻനിർത്തി നിർമ്മിച്ചിരിക്കുന്ന ഈ ആപ്പ് 15ലധികം ഇന്ത്യൻ ഭാഷകളിൽ ലഭ്യമാണ്. നഗര, ഗ്രാമ, അർദ്ധനഗര മേഖലകളിലുടനീളം എളുപ്പത്തിൽ ഉപയോഗിക്കാവുന്ന ലളിതമായ രീതിയിലാണ് ഇതിന്റെ പ്രവർത്തനം. സ്പ്ലിറ്റ് എക്സ്പെൻസസ്, ഫാമിലി മോഡ്, സ്പെൻഡ്സ് അനലിറ്റിക്സ്, റിമൈൻഡറുകൾ എന്നിങ്ങനെ പണം കൈകാര്യം ചെയ്യാൻ സഹായിക്കുന്ന നിരവധി സവിശേഷതകൾ നിലവിൽ ഭീം ആപ്പിലുണ്ട്. സിബിൽ സ്കോർ കൂടി ഉൾപ്പെടുത്തിയതോടെ വെറുമൊരു പണമിടപാട് ആപ്പ് എന്നതിലുപരി ഉപഭോക്താക്കൾക്ക് തങ്ങളുടെ ക്രെഡിറ്റ് പ്രൊഫൈലിനെക്കുറിച്ച് കൃത്യമായ അറിവ് നൽകുന്ന ഒരു സമഗ്ര സാമ്പത്തിക പ്ലാറ്റ്ഫോമായി ഭീം ആപ്പ് മാറിയിരിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. ദൈനംദിന ജീവിതത്തിന്റെ ഭാഗമായിത്തന്നെ വ്യക്തമായ ധാരണയോടെയുള്ള സാമ്പത്തിക തീരുമാനങ്ങൾ എടുക്കാൻ ഉപഭോക്താക്കളെ സഹായിക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പാണിതെന്ന് എൻപിസിഐ ഭീം സർവീസസ് ലിമിറ്റഡ് എംഡിയും സിഇഒയുമായ ലളിത നടരാജ് പറഞ്ഞു.

# കുസാറ്റിൽ 15 ദിവസത്തെ ഇന്റേൺഷിപ്പ് പ്രോഗ്രാം ആരംഭിച്ചു



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) കെമിക്കൽ ഓഷ്യാനോഗ്രഫി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 15 ദിവസത്തയെ സയന്റിഫിക് മെതേഡ്സ് ആൻഡ് റിസർച്ച് ട്രെയിനിങിന്റെ (SMART) സയൻസ് ഇന്റേൺഷിപ്പ് പ്രോഗ്രാം കുസാറ്റ് രജിസ്ട്രാർ ഡോ. അരുൺ എ യു ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ വിവിധ കോളേജുകളിലെ FYUGP വിദ്യാർത്ഥികൾക്കായാണ് ഇന്റേൺഷിപ്പ് ഒരിക്കിയിരിക്കുന്നത്.

സ്കൂൾ ഓഫ് മറൈൻ സയന്സസിന്റെ ഡയറക്ടർ ഡോ. സതീശൻ കെ യു, കെമിക്കൽ ഓഷ്യാനോഗ്രഫി വകുപ്പ് മേധാവി ഡോ. ഹബീബ് റഹ്മാൻ കെ, മുൻ രജിസ്ട്രാർ ഡോ. എൻ ചന്ദ്രമോഹൻ കുമാർ, കോഴ്സ് കോർഡിനേറ്റർ ഡോ. രാഗി എ. എസ്, അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജോർഫിൻ ജോസഫ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. പ്രായോഗിക പരിശീലനവും സമുദ്രശാസ്ത്ര അടിസ്ഥാന അറിവുകളും കിഫ്ബി സഹായത്തോടുകൂടി വാങ്ങിയ സങ്കീർണ്ണമായ ഉപകരണങ്ങളിൽ പ്രായോഗിക പരിശീലനവും വിദ്യാർത്ഥികൾക്ക് നൽകുക എന്നതാണ് ഈ ഇന്റേൺഷിപ്പിന്റെ ലക്ഷ്യം. മേയ് 8-ന് പ്രോഗ്രാം സമാപിക്കും.

# എ.ഐ.ബി.പി.എ.ആർ.സി ദേശീയ സമ്മേളനം 28, 29 ന്

**കൊച്ചി:** രാജ്യത്തെ വിവിധ ബാങ്കുകളിൽ നിന്ന് വിരമിച്ച 7 ലക്ഷത്തോളം വരുന്ന ബാങ്ക് ഓഫീസർമാരുടെ ദേശീയ സംഘടനയായ ഓൾ ഇന്ത്യാ ബാങ്ക് പെൻഷനേഴ്സ് ആന്റ് റിട്ടയറീസ് കോൺഫെഡറേഷന്റെ (എ ഐ ബി പി എ ആർ സി) അഞ്ചാമത് ത്രൈവാർഷിക ദേശീയ സമ്മേളനം ഏപ്രിൽ 28 , 29 തീയതികളിൽ എറണാകുളം ടൗൺഹാളിൽ നടക്കും. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി ആയിരത്തോളം വരുന്ന മുതിർന്ന പൗരന്മാരായ അംഗങ്ങൾ രണ്ടുദിവസത്തെ സമ്മേളനത്തിൽ പ്രതിനിധികളായി പങ്കെടുക്കും. 28 ന് രാവിലെ 9.30 ന് ആൾഇന്ത്യാ ബാങ്ക് പെൻഷനേഴ്സ് ആൻഡ് റിട്ടയറീസ് കോൺഫെഡറേഷൻ പ്രസിഡന്റ് കെ.വി ആചാര്യ പതാക ഉയർത്തുന്നതോടെ സമ്മേളനത്തിന് തുടക്കമാകും 10 ന് ആരംഭിക്കുന്ന പ്രതിനിധി സമ്മേളനം കെ വി ആചാര്യ ഉദ്ഘാടനം ചെയ്യും. വൈകിട്ട് 4 മണിക്ക് സെന്റ് ആൽബർട്ട്സ് കോളേജ് പരിസരത്തു നിന്നും ആരംഭിക്കുന്ന ജാഥ ടൗൺഹാളിൽ സമാപിക്കും. തുടർന്ന് നടക്കുന്ന പൊതുസമ്മേളനം റിട്ട. ജസ്റ്റിസ് വി ജി അരുൺ ഉദ്ഘാടനം ചെയ്യും. രാജ്യത്ത് ശക്തമായ ജനകീയ ബാങ്കിങ് മേഖല കെട്ടിപ്പടുക്കുന്നതിലും ബാങ്ക് സേവനങ്ങൾ സാധാരണക്കാരിൽ എത്തിക്കുന്നതിലും പ്രധാനപങ്കു വഹിച്ച ബാങ്ക് ഓഫീസർമാർ തങ്ങൾക്ക് ന്യായമായി കിട്ടേണ്ട അവകാശങ്ങൾക്ക് വേണ്ടി അധികാരികളുടെ മുമ്പിലും കോടതി വരാന്തകളിലും നിരങ്ങേണ്ട അവസ്ഥയാണുള്ളതെന്ന് എ ഐ ബി പി എ ആർ സി നാഷണൽ സീനിയർ വൈസ് പ്രസിഡന്റ് പോൾ മുണ്ടാടൻ, സംസ്ഥാന സെക്രട്ടറി ബി. ശ്രീകുമാർ, ഓർഗനൈസിംഗ് സെക്രട്ടറി കെ. റ്റി തോമാച്ചൻ, ജില്ലാ പ്രസിഡന്റ് എം. പി അബ്ദുൾ നാസർ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

കാലാകാലങ്ങളിൽ ശമ്പള പരിഷ്കരണത്തിലൂടെ ലഭിക്കേണ്ട അധികവർധന പോലും അലവൻസുകളായി മാറ്റിവെക്കപ്പെട്ടത് മൂലം 2012 ശേഷം വിരമിച്ചവരുടെ പെൻഷനിൽ വലിയ കുറവ് വന്നിട്ടുണ്ട്. ഏറ്റവും അവസാനം നടന്ന പന്ത്രാമത് കരാറിലും ക്ഷാമബത്ത ഏകീകരണം നടപ്പാക്കിയപ്പോൾ ഒരു വിഭാഗം പെൻഷൻകാർക്ക് നഷ്ടം സംഭവിച്ചു. റിട്ടയർ ചെയ്ത മുതിർന്ന പൗരന്മാരോട് ഇൻഷുറൻസ് കമ്പനികൾ കടുത്ത അനീതിയാണ് ചെയ്യുന്നത്.

ഇത്തരം വിഷയങ്ങൾ ഗൗരവപൂർവ്വം ചർച്ചചെയ്യാനും ഈ വിഭാഗം ജനങ്ങൾക്ക് നീതി കണ്ടെത്താനും കൂടിയുള്ള വേദിയായി ഈ ദേശീയ സമ്മേളനം മാറുമെന്നും ഭാരവാഹികൾ വ്യക്തമാക്കി.

# ആക്സിസ് ട്രസ്റ്റി സർവ്വീസസ് പ്രിസം അവതരിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ മുൻനിര ട്രസ്റ്റ് സേവന ദാതാക്കളിൽ ഒന്നും ആക്സിസ് ബാങ്കിന്റെ പൂർണ ഉടമസ്ഥതയിലുള്ള സബ്സിഡിയറിയുമായ ആക്സിസ് ട്രസ്റ്റി സർവ്വീസസ് ഡിജിറ്റൽ സേവനങ്ങൾക്കു മുൻതൂക്കം നൽകുന്ന പ്രിസം സംവിധാനം അവതരിപ്പിച്ചു. നിർമിത ബുദ്ധി, ആധുനിക അനലിറ്റിക്സ് തുടങ്ങിയവ അടക്കമുള്ള സാങ്കേതിക വിദ്യകളുടെ പിൻബലത്തോടെയാണ് പ്രിസം സേവനങ്ങൾ ലഭ്യമാക്കുക. നടപടികൾ കൂടുതൽ ലളിതവും സുതാര്യവും വേഗത്തിലും ആക്കുന്ന പ്രിസം സംവിധാനം നിയന്ത്രണ സംവിധാനങ്ങൾക്കു സജീവ പിന്തുണ നൽകുകയും ഉപഭോക്താക്കളുമായുള്ള ഇടപടലുകൾ ഡിജിറ്റലൈസ് ചെയ്യുകയും വഴി ട്രസ്റ്റി സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും. ആക്സിസ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ അമിതാഭ് ചൗധ്രി, ആക്സിസ് ട്രസ്റ്റി



സർവ്വീസസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ രാഹുൽ ചൗധരി എന്നിവർ ചേർന്നാണ് പ്രിസം സംവിധാനം പുറത്തിറക്കിയത്.

# സ്ഥിരനിക്ഷേപ പലിശ നിരക്കുകൾ പുതുക്കി ശ്രീറാം ഫിനാൻസ്

**കൊച്ചി:** ശ്രീറാം ഗ്രൂപ്പിന് കീഴിലുള്ള മുൻനിര ധനകാര്യ സ്ഥാപനമായ ശ്രീറാം ഫിനാൻസിന്റെ പുതുക്കിയ സ്ഥിരനിക്ഷേപ പലിശ നിരക്കുകൾ പ്രഖ്യാപിച്ചു. പുതുക്കിയ നിരക്ക് പ്രകാരം, വിവിധ കാലയളവിലേക്കുള്ള സ്ഥിരനിക്ഷേപങ്ങൾക്ക് 6.75 ശതമാനം മുതൽ 7.25 ശതമാനം വരെ പലിശ ലഭിക്കും. 60 മാസത്തെ നിക്ഷേപങ്ങൾക്കാണ് ഉയർന്ന പലിശയായ 7.25 ശതമാനം ലഭിക്കുക. മുതിർന്ന പൗരന്മാരുടെ സ്ഥിര നിക്ഷേപങ്ങളിൽ 0.50 ശതമാനം അധിക പലിശ ലഭിക്കും. നിക്ഷേപങ്ങൾ പുതുക്കുന്നവർക്കും അധിക പലിശ ലഭിക്കും. സ്ത്രീ നിക്ഷേപകരുടെ പലിശ നിരക്കിൽ 0.05 ശതമാനത്തിന്റെ അധിക പലിശയും ഏർപ്പെടുത്തിയിട്ടുണ്ട്.

പുതുക്കുന്ന എല്ലാ സ്ഥിരനിക്ഷേപങ്ങൾക്കും വാർഷിക നിരക്കിൽ 0.15 ശതമാനത്തിന്റെ അധിക നേട്ടമുണ്ടാകും. നിക്ഷേപ പദ്ധതികൾക്കനുസരിച്ച് പലിശ നിരക്കുകളിൽ മാറ്റം വരും. മുൻനിര ധനകാര്യ സ്ഥാപനങ്ങളിൽ ഏറ്റവും വിശ്വാസയോഗ്യമായ സ്ഥിരനിക്ഷേപ പദ്ധതിയാണ് ശ്രീറാം ഫിനാൻസിന്റേത്. വിവിധ റേറ്റിംഗ് ഏജൻസികളായ ക്രിസിൽ, ഐസിആർഎ, ഇന്ത്യ റേറ്റിംഗ്സ് ആൻഡ് റിസർച് എന്നിവയുടെ AAA/സ്റ്റേബിൾ റേറ്റിംഗും ശ്രീറാം ഫിനാൻസിന്റെ സ്ഥിരനിക്ഷേപ പദ്ധതികൾക്കുണ്ട്. നിരക്കുകൾ മെയ് 6 മുതൽ പ്രാബല്യത്തിൽ വരുമെന്ന് ശ്രീറാം ഫിനാൻസ് അറിയിച്ചു.

# മുതിർന്ന പൗരൻമാർക്കായി കോട്ടയത്ത് വേദാന്ത 'ഈഡൻ ഗാർഡൻസ്'

കൊച്ചി: വേദാന്ത സീനിയർ ലിവിംഗ് കോട്ടയം ഏറ്റുമാനൂരിൽ ഈഡൻ ഗാർഡൻസ് എന്ന പേരിൽ പുതിയ സീനിയർ ലിവിംഗ് കമ്മ്യൂണിറ്റി ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. നാല് ഏക്കർ വിസ്തൃതിയിൽ നിർമ്മാണം പൂർത്തിയാക്കുന്ന പ്രൊജക്റ്റിൽ 48 പ്രീമിയം വില്ലകളും ഏകദേശം 30 അപാർട്ട്മെന്റുകളും ഉൾപ്പെടുന്നു. സംസ്ഥാനത്ത് കമ്മ്യൂണിറ്റി അധിഷ്ഠിത സീനിയർ ലിവിംഗ് പദ്ധതികൾ വികസിപ്പിക്കുന്നതിനായി അടുത്ത മൂന്ന് വർഷത്തിനിടെ 200 കോടി രൂപ നിക്ഷേപിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നതെന്ന് വേദാന്ത സീനിയർ ലിവിംഗ് ഡയറക്ടർ ശ്രേയ ആനന്ദ് പറഞ്ഞു.

കോട്ടയം നഗരത്തിന് സമീപമുള്ള ഏറ്റുമാനൂരിലെ ഈ കമ്മ്യൂണിറ്റി ആശുപത്രികൾ, മാർക്കറ്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവയുടെ അടുത്താണ് സ്ഥിതി ചെയ്യുന്നത്. കൂടാതെ ആരാധനാലയങ്ങളുടെ സാമീപ്യവും ലഭ്യമാണ്. വെജിറ്റേറിയൻ നോൺ വെജിറ്റേറിയൻ ഭക്ഷണം, നേഴ്സിംഗ് പിന്തുണ, പാരാമെഡിക്കൽ സേവനങ്ങൾ, ഹൗസ്കീപ്പിംഗ് സേവനങ്ങൾ എന്നിവയോടൊപ്പം യോഗ പാർക്ക്, ജിം, വോക്കിംഗ് ട്രാക്ക്, ലൈബ്രറി, തിയേറ്റർ, സോഷ്യൽ സ്പേസുകൾ എന്നിവ ഉൾപ്പെടുന്ന സമഗ്ര വെൽനെസ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സ്വാതന്ത്ര്യവും ഗുണമേന്മയുള്ള ജീവിത സാഹചര്യവും നൽകുന്ന കമ്മ്യൂണിറ്റികൾക്കാണ് മുതിർന്നവർ കൂടുതലായി മുൻഗണന നൽകുന്നത്. കേരളത്തിൽ വിശ്വസനീയമായ സീനിയർ ലിവിംഗ് ഇക്കോസിസ്റ്റം രൂപപ്പെടുത്തുന്നതിനുള്ള ദീർഘകാല പ്രതിബദ്ധതയുടെ ഭാഗമായാണ് 200 കോടിയുടെ നിക്ഷേപമെന്നും അവർ കൂട്ടിച്ചേർത്തു.



# തോഷിബയുടെ സീ670എസ്പി സീരീസ് ടിവികൾ പുറത്തിറക്കി




**കൊച്ചി:** തോഷിബയുടെ ഫ്രീ ഫയറിങ് സ്പീക്കറുകളോട് കൂടിയ ആദ്യ മിനി എൽഇഡി ടെലിവിഷൻ നിരയായ സീ670എസ്പി സീരീസ് ഇന്ത്യയിൽ അവതരിപ്പിച്ചു. അത്യാധുനിക സാങ്കേതിക വിദ്യകളുടെയും തോഷിബയുടെ സ്വന്തം റെഗ്സ സാങ്കേതിക വിദ്യകളുടെയും കരുത്തിലാണ് സീ670എസ്പി സീരീസ് പ്രവർത്തിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ഇതിലെ നേറ്റീവ് 144 ഹേർട്സ് എക്സ്പീരിയൻസ് അതിവേഗ സ്പോർട്സ് മത്സരങ്ങൾ, ഗെയിമിങ്, ആക്ഷൻ രംഗങ്ങൾ എന്നിവയ്ക്ക് അനുയോജ്യമാണ്. മികച്ച ദൃശ്യാനുഭവം നൽകുന്നതിനായി അത്യാധുനിക എഐ അധിഷ്ഠിത സംവിധാനമായ റെഗ്സ ഇന്റലിജൻസും ഇതിലുണ്ട്. മിനി എൽഇഡി സാങ്കേതിക വിദ്യയാണ് സീ670എസ്പി സീരീസിന്റെ കരുത്ത്. 55, 65, 75, 85, 100 ഇഞ്ച് വലുപ്പത്തിലുള്ള സ്ക്രീൻ സൈസുകളിൽ തോഷിബ സീ670എസ്പി മിനി എൽഇഡി സീരീസ് ലഭ്യമാണ്. 64,990 രൂപ മുതലാണ് വില. 10,000 രൂപ വരെയുള്ള ക്യാഷ് ബാക്കും ലഭിക്കും. റിലയൻസ് ഡിജിറ്റൽ, ആമസോൺ, ഫ്ളിപ്കാർട്ട് ഉൾപ്പെടെയുള്ള പ്രമുഖ റീട്ടെയിൽ, ഓൺലൈൻ പ്ലാറ്റ്ഫോമുകളിലുടനീളം ടിവികൾ ലഭ്യമാണ്. ലോഞ്ചിന്റെ ഭാഗമായി സീറോ ഡൗൺ പേയ്മെന്റ്, ക്യാഷ്ബാക്ക് ആനുകൂല്യങ്ങൾ, രണ്ട് വർഷത്തെ കോംപ്രിഹെൻസീവ് വാറന്റി എന്നിവയുൾപ്പെടെയുള്ള പ്രാരംഭ ഓഫറുകളും ലഭ്യമാണ്.

# നാവികസേനാ സമ്പർക്ക പരിപാടി 23ന്

**കൊച്ചി:** ദക്ഷിണ നാവിക കമാൻഡിന്റെ ആഭിമുഖ്യത്തിൽ നാവികസേനയിൽ നിന്നും വിരമിച്ചവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി പ്രത്യേക സമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നു. നാളെ രാവിലെ 11 മുതൽ ഉച്ചയ്ക്ക് 1 വരെ കാക്കനാട് സൈനിക് റെസ്റ്റ് ഹൗസിലാണ് പരിപാടി നടക്കുക. നാവികസേനയിൽ നിന്നും വിരമിച്ചവർ, വീരമൃത്യു വരിച്ച സൈനികരുടെ പത്നിമാർ (വിധവകൾ), മറ്റ് ആശ്രിതർ എന്നിവർക്ക് പുതിയ ക്ഷേമ പദ്ധതികളെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്നതിനും പെൻഷൻ സംബന്ധമായ തടസ്സങ്ങൾ നീക്കുന്നതിനും പരാതികൾ സമർപ്പിക്കുന്നതിനും അവസരമുണ്ടായിരിക്കും. അർഹരായ എല്ലാ മുൻ അംഗങ്ങളും പരിപാടിയിൽ പങ്കെടുക്കണമെന്ന് ജില്ലാ സൈനികക്ഷേമ ഓഫീസർ അറിയിച്ചു.

